# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3053** | **21.06.2013 - ൽ മറുപടിക്ക്**

## നീര ഉല്പാദനത്തിനെപറ്റി പഠനം നടത്തുന്നതിന് ഉന്നതതല സമിതി

ചോദ്യം

ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. സണ്ണി ജോസഫ്
ശ്രീ. പാലോട് രവി
ശ്രീ. വി.റ്റി. ബൽറാം

മറുപടി

**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | നീര ഉല്പാദനത്തിന്റെ സാങ്കേതികവും വ്യവസായികവുമായ വശങ്ങളെപ്പറ്റി പഠനം നടത്തുന്നതിന് സർക്കാർ ഉന്നതതല സമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) | നീരയുടെ ഉല്പാദനവും വിതരണവും സംബന്ധിച്ച് പഠനം നടത്തുന്നതിന് 15/01/2013-ലെ ജി.ഒ.(ആർ.റ്റി.) 38/2013/റ്റിഡി., 14/03/2013-ലെ ജി.ഒ.(ആർ.റ്റി.) 221/2013/റ്റിഡി., എന്നീ ഉത്തരവുകൾ പ്രകാരം ഒരു ഉന്നതതല കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. |
| ബി) | ഈ സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്; | ബി) | എക്സൈസ് കമ്മീഷണർ ചെയർമാനായ പ്രസ്തുത കമ്മിറ്റിയിൽ ശ്രീ.ആർ.കെ.ശ്രീകുമാരൻ ചെട്ടിയാർ (എക്സൈസ് വകുപ്പ് പ്രതിനിധി), ശ്രീ.എൻ. അഴകേശൻ, ശ്രീ.കെ.എം.സുധാകരൻ, ശ്രീ.റ്റി.എൻ. രമേശൻ, ശ്രീ.എം.കെ.ഉണ്ണികൃഷ്ണൻ (ചെത്തു തൊഴിലാളി പ്രതിനിധികൾ), ശ്രീ.ആർ.അജിത് കുമാർ (കൃഷി വകുപ്പ് ഡയറക്ടർ), ഡോ.വി.കെ.രാജു (അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് (ഫാംസ്), കേരള കാർഷിക സർവ്വകലാശാല), ഡോ.മുരളീധരൻ (ഡയറക്ടർ, നാളികേര വികസന ബോർഡ്), ശ്രീ.ബാബു ജോസഫ് (കർഷക പ്രതിനിധി) എന്നിവർ അംഗങ്ങളാണ്. |
| സി) | സമിതി പഠനം ആരംഭിച്ചിട്ടുണ്ടോ; | സി) | പ്രസ്തുത സമിതിയുടെ പഠന റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| ഡി) | നീര ഉല്പാദനം സംസ്ഥാനത്തെ കേരകർഷകരെ എങ്ങനെ ബാധിക്കുമെന്ന് പഠനവിധേയമാക്കുന്നുണ്ടോ; | ഡി) | ഉണ്ട്. |

| | |
|---|---|
| ഇ) പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | ഇ) കേരളത്തിലെ കള്ള് ചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി, കള്ള് ചെത്ത് വ്യവസായത്തിന്റെ ഭാവി, ഈ മേഖലയിലെ തൊഴിൽ പ്രതിസന്ധി, ശുദ്ധമായ കള്ളിന്റെ ലഭ്യത, നീര ചെത്ത് കേര കർഷകർക്ക് എങ്ങനെ പ്രയോജനപ്പെടുത്താം, നീര വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദനം വഴി കള്ള് ചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാനാവുമോ, നീരയിലെ ആൾക്കഹോളിന്റെ അളവ്, നീരയുടെ ഉല്പാദനം, വിതരണം, വിപണന ഏജൻസി, കയറ്റുമതി സാധ്യതകൾ, നീരയിൽ മായം ചേർക്കുന്നതിനുള്ള സാധ്യതകൾ തുടങ്ങിയവ കമ്മിറ്റിയുടെ പരിശോധനാ വിഷയങ്ങളാണ്. |

സെക്ഷൻ ഓഫീസർ